പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2171 01.02.2018 -ൽ മറുപടിക്ക്.

## ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ ഭക്ഷ്യ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചതിലും കൂടുതൽ വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് ഭക്ഷ്യ വകുപ്പിനുള്ളത്. ശുചിത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിലുള്ള ഭക്ഷ്യ സുരക്ഷാ വിഭാഗമാണ്. |
| (ബി) ബക്രീദ്, ഓണം, ക്രിസ്തുമസ് കാലയളവുകളിൽ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തിയിരുന്നോ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;<br>(സി) കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (ബി) & (സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ